പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7553 17.7.2012-ൽ മറുപടിക്ക്

## തൃശ്ശൂർ ജില്ലയിലെ ശുചിത്വമിഷന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഗീതാ ഗോപി | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

എ) തൃശൂർ ജില്ലയിൽ ശുചിത്വമിഷന്റെ നേതൃത്വത്തിൽ ഇപ്പോൾ നടന്നു വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

എ) ജില്ലാപഞ്ചായത്തിന്റെ കീഴില്ലുള്ള 61 ഹൈസ്കൂളുകളിൽ സാനിട്ടറി നാപ്കിൻ വെൻഡിംഗ് മെഷീൻ സ്ഥാപിക്കൽ, ജില്ലാ ആശുപത്രി, ജില്ലാ ആയുർവേദ ആശുപത്രി, ജില്ലാപഞ്ചായത്ത് കാന്റീൻ എന്നിവിടങ്ങളിൽ ബയോഗ്യാസ് പ്ളാന്റുകൾ സ്ഥാപിക്കന്നതിനുളള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

വാർഡുതല ശുചിത്വ ആരോഗ്യ സമിതികൾ ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ നടപ്പിലാക്കുന്നതിനു വേണ്ടി നിയോജകമണ്ഡല അടിസ്ഥാനത്തിൽ ബന്ധപ്പെട്ട പഞ്ചായത്തുതലത്തിൽ എം.എൽ.എ മാരുടെ നേതൃത്വത്തിൽ മീറ്റിംഗുകൾ വിളിച്ചുചേർക്കുകയും ഗ്രാമപഞ്ചായത്തുകൾക്ക് ഖരമാലിന്യ സംസ്ക്കരണ പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങുകയും ചെയ്തു വരുന്നുണ്ട്. അംഗീകാരം നേടിയ ഗ്രാമപഞ്ചായത്തുകളുടെ പ്രോജക്ടിനുളള സംസ്ഥാനവിഹിത തുക സംസ്ഥാന മിഷനിൽ നിന്നും അനുവദിച്ചു വരുന്നുണ്ട്. കൂടാതെ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് പ്രസ്തുത പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനുവേണ്ട സാങ്കേതിക ഉപദേശവും പിന്തുണയും നൽകിയും വരുന്നു.

ശുചിത്വവർഷ പരിപാടികളുടെ ഭാഗമായി ജില്ലയിലാകെ വൈവിധ്യമാർന്ന വിവരവിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്കും ഹൈസ്കൂൾ

വിദ്യാർത്ഥികൾക്കും പ്രത്യേക ശുചിത്വാരോഗ്യ പരിശീലനങ്ങൾ സംഘടിപ്പിച്ചുവരുന്നു.

ജില്ലാപഞ്ചായത്തിന്റെ കീഴിലുള്ള 20 വിദ്യാലയങ്ങളിലും ബയോഗ്യാസ് പ്ളാന്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. സച്ചാർ കമ്മിറ്റി പ്രകാരം തീരദേശ മേഖലയിലെ വിദ്യാലയങ്ങളിലായി യൂറിനൽ കോംപ്ളക്സുകളുടേയും ടോയ്‌ലറ്റ് കോംപ്ളക്സുകളുടേയും നിർമ്മാണം പ്രവർത്തനങ്ങൾ നടത്തി വരുന്നു. ജില്ലയിൽ ശുചിത്വ കോംപ്ളക്സുകൾ ശുചിത്വ മിഷന്റെ സാമ്പത്തിക സഹായത്തോടു കൂടി നിർമ്മാണം നടന്നുവരുന്നു.

മഴക്കാലപൂർവ്വ ശുചിത്വ കാമ്പെയിനിന്റെ ഭാഗമായി സർക്കാർ അനുവദിച്ച ഫണ്ട് ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ വാർഡുകളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനു വേണ്ടി ഓരോ വാർഡിനും 10000/- രൂപ വീതം നൽകുകയുണ്ടായി. ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ ജില്ലാ ശുചിത്വ മിഷൻ സ്വീകരിക്കുന്നുണ്ട്. മാലിന്യ സംസ്ക്കരണത്തിന്റെ പ്രസക്തി ജനങ്ങളിലേക്കെത്തിക്കുവാൻ വിവിധ തരത്തിലുള്ള ബോധവത്ക്കരണ ക്ളാസ്സുകളും ശുചിത്വാരോഗ്യം ക്ളാസ്സുകളും നടത്തിവരുന്നു.

ബി) തൃശൂർ ജില്ലയിൽ ശുചിത്വമിഷൻ പുതുതായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

ബി) അനുമതി ലഭിച്ച പഞ്ചായത്തുകളുടെ ഖരദ്രവ മാലിന്യ പരിപാലന പ്രോജക്ടുകൾ മോണിറ്ററിംഗ് കമ്മിറ്റിയുടെ സഹായത്തോടെ നടപ്പിലാക്കുന്നതാണ്. ജില്ലയിലെ എല്ലാ പഞ്ചായത്തുകളുടെയും ഖരദ്രവമാലിന്യ പരിപാലന ആവശ്യകതവിലയിരുത്തി സംയോജിത പ്രോജക്ട് നിർമൽ ഭാരത് അഭിയാൻ പദ്ധതിയുടെ ഭാഗമായി തയ്യാറാക്കി പ്രത്യേകമായി കേന്ദ്രസർക്കാരിന് സമർപ്പിക്കുന്നതാണ്. 2011 ലെ സെൻസസ് കണക്ക് പ്രകാരം ടോയ്‌ലറ്റ് ഇല്ലാത്ത വീടുകൾക്ക് ടോയ്‌ലറ്റ്, ടോയ്‌ലറ്റ് സൗകര്യം കുറവുള്ള സ്കൂൾ, അംഗൻവാടി എന്നിവയ്ക്ക് ടോയ്‌ലറ്റ്, പൊതുസ്ഥലങ്ങളിൽ കമ്യൂണിറ്റി സാനിട്ടറി കോംപ്ലക്സ് എന്നിവ ഉൾപ്പെടുത്തി നിലവിലുള്ള സമ്പൂർണ്ണ ശുചിത്വ യജ്ഞം പ്രോജക്ട് (നിർമൽ ഭാരത് അഭിയാൻ) പുതുക്കി തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരം നേടി നടപ്പിലാക്കുന്നതാണ്. വ്യാപാരസ്ഥാപനങ്ങൾ, റസി

ഡൻഷ്യൽ അസോസിയേഷൻ, ഫ്ളാറ്റു
കൾ, വായനശാലകൾ തുടങ്ങിയവ കേന്ദ്രീ
കരിച്ച് മാലിന്യ സംസ്ക്കരണ സംവിധാന
ങ്ങൾ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ
ഏറ്റെടുക്കും. അതുപോലെ. വിദ്യാലയങ്ങൾ
കേന്ദ്രീകരിച്ച് ജലം, ഊർജ്ജം, ശുചിത്വം
എന്നീ പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി
വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കും.
സ്ഥാപനങ്ങൾ, ഫ്ളാറ്റുകൾ എന്നിവയ്ക്ക്
ശുചിത്വ അവാർഡുകൾ നൽകുന്നതിനും
ഓരോ ബ്ളോക്കിലും ഒരു കോളനിയെ
ശുചിത്വ കോളനിയായി തെരഞ്ഞെടുക്കു
ന്നതിനുള്ള പ്രവർത്തനങ്ങളും ഏറ്റെടു
ക്കുന്നതാണ്.

സെക്ഷൻ ഓഫീസർ